44

# നിങ്ങൾക്കു വിസമ്മതിക്കാൻ കഴിയാത്തപ്പോൾ

## (15:35- 41)

ഞെട്ടിക്കുന്ന ചിലതോടു കൂടെയാണ് പ്രവൃത്തികൾ 15 അവസാനിക്കുന്നത്. മിക്കവാറും അദ്ധ്യായങ്ങളിൽ, സഭ ഭിന്നിക്കാതിരിക്കാൻ, പൗലൊസും ബർന്നബാസും നിസ്വാർത്ഥമായി സഭയിലെ വ്യത്യാസം പരിഹരിച്ചു. പിന്നെ, അവസാന വാകൃങ്ങളിൽ, വായിക്കുന്നത് പൗലൊസും ബർന്നബാസും – അവരുടെ വ്യക്തിപരമായ വ്യത്യാസം – തീർക്കാൻ കഴിയാത്തതുകൊണ്ട് തമ്മിൽ കൂട്ടുപിരിഞ്ഞു!

ഞാൻ ലൂക്കൊസ് ആയിരുന്നുവെങ്കിൽ, പൗലൊസിനും ബർന്നബാസിനും ഇടയിൽ "കടുത്ത വിയോജിപ്പ്" ഉണ്ടായിരുന്നു എന്ന ധാരണ വിടുവാൻ ഞാൻ പരീക്ഷിക്കപ്പെട്ടേനെ. അവർ ഒന്നാം മിഷണറി യാത്രയിൽ സ്ഥാപിച്ചതായ സ്ഥലങ്ങളിൽ വീണ്ടും സന്ദർശിക്കുവാൻ തീരുമാനിച്ചപ്പോൾ, ഒന്നിനു പകരം രണ്ടു സംഘമായിരുന്നെങ്കിൽ അവർക്ക് ഇരട്ടിഗുണം ചെയ്യുമായിരുന്നു എന്നു ഞാൻ പറയുമായിരുന്നു – അതാണ് അവർ ചെയ്തതു. ലൂക്കൊസ് ആ പരീക്ഷണത്തിനു വിധേയനായില്ല. സാധാരണ പോലെ, ബൈബിളിലെ ആളുകൾ– ബൈബിളിലെ നായകന്മാർ പോലും – അവർ ആകേണ്ടതുപോലെയല്ല, അവർ ആയിരുന്നതു പോലെയാണ് പറഞ്ഞിരിക്കുന്നത്.

പൗലൊസും ബർന്നബാസും തമ്മിലുള്ള വിയോജിപ്പ് എന്തിനാണ് ലൂക്കൊസ് രേഖപ്പെടുത്തിയത്? അതു രണ്ടു പേരെയും ലജ്ജിപ്പിക്കുന്നതിനായിരുന്നില്ല എന്നു തീർച്ച,[1] എന്നാൽ വിയോജിപ്പ് എങ്ങനെ പരിഹരിക്കാമെന്ന് സഹോദരന്മാരെ പഠിപ്പിക്കുന്നതിനായിരുന്നു. മുൻപിലത്തെ രണ്ടു അവ തരണങ്ങളിലും, സഭയിലെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കണമെന്ന് നാം പഠിച്ചു. ചിലപ്പോൾ, എങ്ങനെയായാലും, പ്രശ്നങ്ങൾ ഉയരുമ്പോൾ നമുക്കു പരിഹരിക്കാൻ സാദ്ധ്യമല്ല എന്നു തോന്നും. അപ്പോൾ നാം എന്തു ചെയ്യും? നമ്മുടെ വേദഭാഗത്ത് അതിനുള്ള ചില

ഉത്തരങ്ങൾ ഉണ്ട്.

## ജ്വലിക്കുന്ന ഒരു പോരാട്ടം

### ഒരു നിർദ്ദേശം വന്നു (15:35, 36)

സംഭവം മനസിൽ വെച്ചുകൊണ്ട് നമുക്ക് ആരംഭിക്കാം. നമ്മുടെ കഴിഞ്ഞ പാഠം പ്രവൃത്തികൾ 15:35 ഓടുകൂടിയാണ് അവസാനിപ്പിച്ചത്: "എന്നാൽ പൗലൊസും ബർന്നബാസും അന്ത്യോക്ക്യയിൽ പാർത്തു മറ്റു പലരോടും കൂടി കർത്താവിന്റെ വചനം ഉപദേശിച്ചും സുവിശേഷിച്ചും കൊണ്ടിരുന്നു." യെരുശലേം യോഗത്തിനു ശേഷം അവർ എത്ര നാൾ അന്ത്യോക്ക്യയിൽ താമസിച്ചു എന്നു നമുക്ക് അറിഞ്ഞുകൂടാ. ഈ കാലയളവിലാകാം പൗലൊസ് ഗലാത്യയിലെ ക്രിസ്ത്യാനികൾക്കു ലേഖനം എഴുതിയത്. ഗലാത്യർ 2:11–16 വരെയുള്ള സംഭവത്തിൽ – പൗലൊസ് പത്രൊസിനെ, ജാതികളിൽ നിന്നുള്ള സഹോദരന്മാരുമായി[2] ഭക്ഷണ കൂട്ടായ്മയിൽ നിന്നു പിന്തിരിഞ്ഞതിനെ ശാസിച്ചത് ഈ സമയത്താകാം. അതങ്ങനെയാണെങ്കിൽ, ഗലാത്യർ 2ലെ ഒരു പദപ്രയോഗം നമ്മുടെ പഠനത്തിൽ പ്രാധാന്യമുള്ളതാണ്: "ശേഷം യെഹൂദന്മാരും അവനോടു കൂടെ കപടം കാണിച്ചതു കൊണ്ടു, *ബർന്നബാസും* അവരുടെ കപടത്താൽ തെറ്റിപ്പോവാൻ ഇടവന്നു" (ഗലാത്യർ 2:13; എംഫസിസ് മൈൻ). ബർന്നബാസിന്റെ സ്വഭാവം പൗലൊസിനെ നിരാശപ്പെടുത്തിയിരിക്കാം – ആഴത്തിൽ വേദനിപ്പിക്കയും ചെയ്തിരിക്കാം. മുൻപു തന്നെ പ്രവൃത്തികൾ 15:36–39 വരെയുള്ള സംഭവങ്ങളിൽ, പൗലൊസും ബർന്നബാസും തമ്മിലുള്ള സൗഹൃദത്തെ ക്ഷീണിപ്പിച്ചതായി കാണാൻ, ശക്തമായ സാദ്ധ്യതയുമുണ്ട്.

കുറെ നാൾ ആ രണ്ടു പുരുഷന്മാർ അന്ത്യോക്ക്യയിൽ പ്രവർത്തിച്ച ശേഷം, റോഡിൽ ഇറങ്ങേണ്ട സമയമായെന്നു പൗലൊസ് തീരുമാനിച്ചു. നാം വായിക്കുന്നത്, "കുറെ നാൾ കഴിഞ്ഞിട്ടു[3] പൗലൊസ് ബർന്നബാസിനോട്, 'നാം കർത്താവിന്റെ വചനം അറിയിച്ച പട്ടണം തോറും പിന്നെയും ചെന്നു സഹോദരന്മാർ എങ്ങനെയിരിക്കുന്നു എന്നു നോക്കുക എന്നു പറഞ്ഞു'" (15:36). ആളുകളെ സ്നാനപ്പെടുത്തിയ ശേഷം അവരെ നാം അവഗണിക്കാൻ പാടില്ല: "മഹത്തായ ആജ്ഞ പറയുന്നത് പുതിയ ക്രിസ്ത്യാനികളെ നാം പോറ്റി വളർത്തുവാൻ തയ്യാറാകുന്നതുവരെ നാം നഷ്ടപ്പെട്ടവരുടെ അടുക്കൽ സുവിശേഷം എത്തിച്ചിട്ടില്ല."[4] മുൻപു മിഷണറിമാരായി പ്രവർത്തിച്ചാൽ സ്നാനപ്പെടുത്തിയ ആത്മാക്കൾ ഉള്ള സ്ഥലങ്ങളിൽ വീണ്ടും പോയി അവരെ പോറ്റി വളർത്തുവാൻ സമയാ സമയങ്ങളിൽ മടങ്ങിപ്പോയിട്ടുണ്ട്.

സ്ഥാപിച്ചു കഴിഞ്ഞ സഭകളിൽ വീണ്ടും പോയി അവരെ ശക്തിപ്പെടുത്തുക എന്നതായിരുന്നു പൗലൊസിന്റെ കാര്യപരിപാടിയിലെ ഏക ഇനം (പറഞ്ഞതിൽ ഉള്ള ഏക ഇനം). അന്ത്യോക്ക്യയിലെ സഭയെ സംഭ്രമിപ്പിച്ച യെഹൂദ ഉപദേഷ്ടാക്കളെക്കുറിച്ചു പൗലൊസിന് ഉൽകണ്ഠയുണ്ടായിരുന്നു. നിസാര പ്രബോധന സന്ദർശനം സുവിശേഷ ദൗത്യത്തിൽ സുപ്രധാന വളർച്ചക്കിടയാക്കി.

**പിണക്കം ഉയർന്നു (15:37-39)**

ബർന്നബാസ് പൗലൊസിനോട് യോജിച്ചുവെങ്കിലും തന്റേതായ നിർദ്ദേശം നല്കി: "മർക്കൊസ് എന്ന യോഹന്നാനെയും, കൂട്ടിക്കൊണ്ടു പോകുവാൻ, ബർന്നബാസ് ഇച്ഛിച്ചു" (വാക്യം 37). യോഹന്നാൻ ബർന്നബാസിന്റെ മച്ചുനനായിരുന്നു എന്നു, നിങ്ങൾ ഓർമ്മിക്കുമല്ലൊ (കൊലൊസ്യർ 4:10), ഒന്നാമത്തെ മിഷണറി യാത്രയിൽ പൗലൊസിനോടും ബർന്നബാസിനോടും കൂടെ അവൻ ഉണ്ടായിരുന്നു, എന്നാൽ പംഫുല്ല്യയിലെ പെർഗ്ഗയിൽ വെച്ചു അവൻ മടങ്ങിപ്പോയി (13:13).

രണ്ടാമത്തെ യാത്രയിൽ യോഹന്നാനെ കൊണ്ടു പോകാൻ ബർന്നബാസിനെ പ്രേരിപ്പിച്ചതെന്താണ്? ഒരുപക്ഷെ യോഹന്നാൻ ക്ഷമാപണവുമായി ബർന്നബാസിന്റെയടുക്കൽ വന്നിരിക്കാം: "ഞാൻ മടങ്ങിപ്പോയതിൽ ഖേദിക്കുന്നു. അതു തെറ്റായിപ്പോയി എന്നെനിക്ക് അറിയാം, രണ്ടാമത് ഒരവസരം എനിക്ക് തന്നാൽ ഞാൻ മടങ്ങിപോകയില്ല." കാരണം എന്തായാലും, പ്രബോധനപുത്രന് സന്തോഷമേയുള്ളു യോഹന്നാന് രണ്ടാമത് ഒരവസരം കൊടുപ്പാൻ.

പൗലൊസിന് അതിൽ സന്തോഷമുണ്ടാ*യില്ല*. യോഹന്നാനെ രണ്ടാമത്തെ യാത്രയിൽ കൊണ്ടുപോകത്തക്ക വിധം അവൻ പക്വതയിലെത്തി എന്ന് പൗലൊസിനു ബോധ്യമായില്ല. അതുകൊണ്ട്, "പൗലൊസോ പംഫുല്യയിൽ നിന്നു തങ്ങളെ വിട്ടു പ്രവൃത്തിക്കു വരാതെ പോയവനെ കൂട്ടിക്കൊണ്ടു പോകുന്നത് യോഗ്യമല്ല എന്നു നിരൂപിച്ചു" (15:38). "കെപ്റ്റ് ഇൻസിസ്റ്റിങ്ങ്" എന്ന പ്രയോഗം തുടർപ്രവൃത്തിയെ സൂചിപ്പിക്കുന്നു.[5] ബർന്നബാസ് യോഹന്നാനെ കൊണ്ടു പോകണമെന്നും, പൗലൊസ് യോഹന്നാനെ കൊണ്ടുപോകേണ്ട എന്നും വാദിച്ചുകൊണ്ടേയിരുന്നു. അവർ അന്യോന്യം പറഞ്ഞതെന്താണെന്ന് വ്യക്തമല്ല, പക്ഷേ ഊഹിക്കുക പ്രയാസമല്ല:[6]

ബർന്നബാസ്: "മർക്കൊസിനു രണ്ടാമതൊരു അവസരം കൊടുക്കണം എന്നുതന്നെയാണ് ഞാൻ വാസ്തവത്തിൽ വിചാരിക്കുന്നത്."

പൗലൊസ്: "ഇല്ല. കർത്താവു പറഞ്ഞു, 'കലപ്പെക്കു കൈവെച്ചശേഷം പുറകോട്ടു നോക്കുന്നവൻ, ആരും, ദൈവരാജ്യത്തിനു കൊള്ളാകുന്നവനല്ല' [ലൂക്കൊസ് 9:62[7]]."

ബർന്നബാസ്: "അവൻ പറഞ്ഞു, 'കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്കു കരുണ ലഭിക്കും, എന്നും അവൻ അരുളിച്ചെയ്തിട്ടുണ്ടല്ലൊ' [മത്തായി 5:7]."

പൗലൊസ്: "ഈ യാത്ര അത്ര എളുപ്പമായിരിക്കയില്ല, നാം എല്ലാവരും അന്യോന്യം ആശ്രയിച്ചുപോകണം. ജ്ഞാനിയായിരുന്ന മനുഷ്യൻ പറഞ്ഞു, 'കഷ്ടകാലത്തു വിശ്വാസപാതകനെ ആശ്രയിക്കുന്നതു മുറിഞ്ഞ പല്ലും ഉളുക്കിയ കാലും പോലെ ആകുന്നു' [സദൃശവാക്യങ്ങൾ 25:19]."

ബർന്നബാസ്: "നിങ്ങൾ തിരുവചനത്തിലേക്കു ശ്രദ്ധ ക്ഷണിക്കുകയാണെങ്കിൽ,[8] ദാവീദിന്റെയും, യോനയുടെയും, മറ്റുള്ളവരുടേയും കഥകൾ മറക്കരുത്. ദൈവം ആളുകൾക്കു രണ്ടാമത് ഓരോ അവസരം കൊടുത്തതുകൊണ്ട്, എന്തുകൊണ്ട് നമുക്കു സാദ്ധ്യമല്ല?"

പൗലൊസ്: "അവൻ നിന്റെ മച്ചുനൻ അല്ലായിരുന്നുവെങ്കിൽ, നീ ഒരിക്കലും അവനു വേണ്ടി വാദിക്കുമായിരുന്നില്ല!"

ബർന്നബാസ്: "നിങ്ങൾ എന്റെ മച്ചുനൻ ആയിട്ടല്ലല്ലൊ, യെരുശലേമിൽ ഞാൻ നിങ്ങൾക്കു വേണ്ടി നിന്നതു[9] – ഓർമ്മയില്ലേ?"

വാക്യം 39 പറയുന്നു "അങ്ങനെ അവർ തമ്മിൽ ... *ഉഗ്രവാദമുണ്ടായിട്ടു*" (എംഫസിസ് മൈൻ). ആർ.എസ്.വി അതിനെ "ഒരു ഉഗ്ര പോരാട്ടം" എന്നു വിളിച്ചിരിക്കുന്നു. മറ്റൊരു തർജ്ജിമ "ഒരു ദേഷ്യ മനോഭാവം"[10] എന്നാണ്. വേറൊന്ന് പറയുന്നു, "ഒരു ഉഗ്ര അഭിപ്രായ വ്യത്യാസം"എന്ന്[11] ഇംഗ്ലീഷിലും ഗ്രീക്കിലും വാക്കുകൾ പറയുന്നതു ചൂടേറിയ വാദപ്രതിവാദം – ഒരുപക്ഷേ ദേഷ്യം വന്നുകാണും, ഉച്ചസ്വരത്തിലും കടുത്ത ഭാഷയിലും നടന്നിരിക്കാം പൗലോസ് പിന്നീട് എഴുതി, "സ്നേഹം ദീർഘമായി ക്ഷമിക്കയും, ... കൂടാതെ ... ദേഷ്യപ്പെടുന്നില്ല, ..." (1 കൊരിന്ത്യർ 13:4, 5). ഈ വാക്കുകൾ എഴുതിയപ്പോൾ അവനു ചെറിയ ലജ്ജ തോന്നിക്കാണും, കാരണം തന്റെ സ്നേഹിതനായ ബർന്നബാസുമായി കുറച്ചു വർഷം മുമ്പ് ഒച്ചവെച്ച വാഗ്വാദത്തെ ഓർത്തപ്പോൾ. പൗലൊസ് സംശയരഹിതമായി, ആ സന്ദർഭത്തിൽ കോപിച്ചു!

**ഒരു പരിഹാരത്തിനു ശ്രമിച്ചു (15:39-41)**

ആ സമയത്തു, പൗലൊസിനും ബർന്നബാസിനും അവരുടെ അഭിപ്രായ വ്യത്യാസം പരിഹരിക്കാൻ കഴിഞ്ഞില്ല എന്നതു സ്പഷ്ടം – ചുരുങ്ങിയത് ആ നിമിഷത്തേക്ക്. അവർ സ്ഥാപിച്ച സഭകളെ വേർപിരിഞ്ഞ് സന്ദർശിക്കാൻ തീരുമാനിച്ചു: ബർന്നബാസ് കുപ്രൊസ് ദ്വീപുകാരനാകയാൽ (4:36), അവൻ ആ പ്രവർത്തനത്തെ പിൻപറ്റും,[12] പൗലൊസ് ആസ്യ സഭകളിലേക്കും പോകും. വാക്യം 39 പറയുന്നു, "അങ്ങനെ അവർ തമ്മിൽ ഉഗ്രവാദമുണ്ടായിട്ട് വേർപിരിഞ്ഞു, ബർന്നബാസ് യോഹന്നാനെ കൂട്ടി കുപ്രൊസ് ദ്വീപിലേക്കു പോയി" പ്രവൃത്തികളുടെ പുസ്തകത്തിൽ ഇത് ബർന്നബാസിനെ അവസാനമായി പറയുന്ന തുമാണ്, ബർന്നബാസിനു അവന്റെ പോരായ്മകൾ ഉണ്ടായിരുന്നു, എ ന്നാൽ എല്ലാം കൊണ്ട് ബർന്നബാസ് വിസ്മയമായ ഒരു ക്രിസ്ത്യാനിയായിരുന്നു! സഭയിൽ നമുക്കു കൂടുതൽ പ്രബോധന പുത്രന്മാർ വേണം!

ബർന്നബാസും പൗലൊസും വേർപിരിഞ്ഞപ്പോൾ, പ്രശസ്തി പൗലൊസിലേക്കു തിരിഞ്ഞു: "പൗലൊസോ ശീലാസിനെ തിരഞ്ഞെടുത്തു, സഹോദരന്മാരാൽ കർത്താവിന്റെ കൃപയിൽ ഭരമേല്പിക്കപ്പെട്ടു. യാത്ര പുറപ്പെട്ടു സുറിയാ, കിലിക്യാ ദേശങ്ങളിൽ കൂടി സഞ്ചരിച്ച സഭകളെ ഉറപ്പിച്ചുപോന്നു" (വാക്യങ്ങൾ 40, 41).

## കുറച്ചു പരിസമാപ്തികൾ

പൗലൊസിനും ബർന്നബാസിനും ചെയ്യാൻ കഴിയുമായിരുന്നതിനെയും ചെയ്യേണ്ടിയിരുന്നതിനേയും കുറിച്ച് നിന്ന് ഊഹിക്കുവാൻ തോന്നിപ്പോകുന്നു. നമ്മുടെ കഴിഞ്ഞ രണ്ടു പാഠങ്ങളിൽ, നാം നിർദ്ദേശിച്ച കാര്യങ്ങൾ വെച്ചുകൊണ്ട് അവരുടെ അഭിപ്രായവ്യത്യാസങ്ങൾക്കു

പരിഹാരം കണ്ടെത്താമായിരുന്നു. എങ്ങനെയായാലും, ലൂക്കൊസ് സംഭവത്തിന്റെ ചുരുക്കം മാത്രമേ നല്കുന്നുള്ളൂ, അല്ലാതെ നമുക്കു വിധി നിർണ്ണയിക്കാൻ മതിയായ വിവരങ്ങൾ തരുന്നില്ല. ഞാൻ, അതുകൊണ്ട്, ആ സംഭവത്തിൽ ഒതുങ്ങി അതിൽനിന്നും പല അടിസ്ഥാന സത്യങ്ങൾ സഹോദരങ്ങൾ തമ്മിലുണ്ടാകുന്ന വ്യത്യാസങ്ങളിൽ എടുക്കുവാൻ പോകുന്നു:

(1) *സഹോദരന്മാർ എല്ലായ്പ്പോഴും വിസമ്മതത്തിലായിരുന്നിട്ടുണ്ട്, ചിലപ്പോൾ വിയോജിക്കയും ചെയ്യും - നല്ല സഹോദരന്മാർ പോലും.*[13] പൗലൊസും ബർന്നബാസും നല്ല മനുഷ്യരായിരുന്നു, എന്നാൽ അവർ തമ്മിൽ വിയോജിച്ചു. ആരോ പറഞ്ഞിട്ടുണ്ട്, രണ്ടു മനുഷ്യർ എപ്പോഴും യോജിക്കുകയാണെങ്കിൽ, അവരിൽ ഒരാളുടെ ആവശ്യം തന്നെ ഇല്ലല്ലൊ എന്ന്. വിസമ്മതം ഉണ്ടാകുന്നതു തെറ്റല്ല, പക്ഷേ നിയന്ത്രണാതീതമാകരുത് (പൗലൊസും ബർന്നബാസും തമ്മിലുണ്ടായ "*ഉഗ്ര*വാദം" നമുക്ക് അനുമോദിക്കാൻ സാധ്യമല്ല) അതു അഭിപ്രായത്തെ സംബന്ധിച്ചാണെങ്കിൽ.[14]

(2) *മിക്ക അഭിപ്രായഭിന്നതകളിലും, രണ്ടു കക്ഷികളിലും, പകുതി ശരിയും പകുതി തെറ്റും കാണും.* പൗലൊസും ബർന്നബാസും തമ്മിലുള്ള വിയോജിപ്പ് സംഭവത്തെ നാം പഠിക്കുമ്പോൾ, വ്യത്യാസമില്ലാതെ ഈ ചോദ്യം നാം ചോദിച്ചു പോകും "ആരായിരുന്നു ശരി, ആരായിരുന്നു തെറ്റ്?" ഒരാൾ പറയുന്നു, "ഞാൻ വിചാരിക്കുന്നത് പൗലൊസ് ആയിരുന്നു ശരി എന്ന് അവന്റെ സ്ഥലത്തു ഞാൻ ആയിരുന്നുവെങ്കിൽ – ഞാൻ പറയട്ടെ നുറുങ്ങി വൈക്കോൽ തുരുമ്പിൽ ചാരി നില്ക്കുവാൻ നിങ്ങൾ തയ്യാറാവുകയില്ല!" വേറെ ചിലർ പ്രതികരിക്കുന്നു, "അല്ല, ബർന്നബാസ് ആയിരുന്നു ശരി – കാരണം യോഹന്നാൻ കർത്താവിനു വേണ്ടി വലിയൊരു വേലക്കാരനായി തീർന്നു!" ആരാണ് ശരി, ആരാണ് തെറ്റെന്ന് ലൂക്കൊസ് പറഞ്ഞില്ല. വസ്തുത എന്തെന്നാൽ അന്ത്യൊക്ക്യ സഹോദരന്മാർ പൗലൊസിനും ശിലോസിനും ഔപചാരിക യാത്ര അയപ്പ് നല്കിയത് (വാക്യം 40) അവർ പൗലൊസിന്റെ വശത്തായിരുന്നു എന്ന് അന്തർലീനമാണ് (അവന്റെ സ്ഥാനത്തെ അ വർ പരിമിതപ്പെടുത്തിയില്ല), എന്നാൽ അത് ബോധ്യം വരുത്തുന്നതല്ല.

വിയോജിപ്പ് നിയന്ത്രണാതീതമാകുവാൻ അനുവദിച്ചതിൽ രണ്ടു പേരും വീഴ്ച്ച വരുത്തി. വേറൊരർത്ഥത്തിൽ, രണ്ടു പേരും ശരിയായിരുന്നു; പൗലൊസും ബർന്നബാസും കാര്യങ്ങളെ നോക്കി കണ്ടത് രണ്ടു വ്യത്യസ്ത ദിശയിലായിരുന്നു. യോഹന്നാനെ മിഷൻ പ്രവർത്തനത്തിനു കൊണ്ടു പോകണോ എന്ന ചോദ്യത്തിനു പൗലൊസ് മിഷൻ കാഴ്ച്ചപ്പാടിൽ നോക്കി; ബർന്നബാസ് ഒരു മനുഷ്യൻ എന്ന കാഴ്ച്ചപ്പാടിൽ നോക്കി. പൗലൊസ് വിചാരിച്ചത് യോഹന്നാനെ കൂട്ടിയാൽ അത് മറ്റു ടീം അംഗങ്ങളെ നിർവീര്യമാക്കും എന്നും അതു മിഷൻ പ്രവർത്തനത്തെ അപകടത്തിലാക്കും എന്നും ആണ്.[15] ബർന്നബാസ് വിചാരിച്ചത് യോഹന്നാനെ കൂട്ടിയി*ല്ലെങ്കിൽ* അതു അവനെ നിരാശനാക്കി അവനെ അപകടത്തിലാക്കും എന്നു ഭയന്നിട്ടാണ്. "പൗലൊസ് ആളുകളെ നോക്കി ചോദിച്ചു, 'ദൈവ വേലക്ക് അവർക്ക് എന്തുചെയ്യാൻ കഴിയും?' എന്നാൽ ബർന്ന

ബാസ് ആളുകളെ നോക്കി ചോദിച്ചു, 'ദൈവവേല അവർക്കു വേണ്ടി എന്തു ചെയ്യാം?'"[16] ഈ രണ്ടു കാഴ്ച്ചപ്പാടും കർത്താവിന്റെ വേലയിൽ ആവശ്യമാണ്.

അമേരിക്കയിൽ, ഞങ്ങൾക്കു നിയമപരമായ ഒരു സിദ്ധാന്തം ഇതു പോലെയുണ്ട്: "രണ്ടു പേർ വിയോജിച്ചാൽ, രണ്ടു പേരും ശരിയായിരിക്കയില്ല. ഒരാൾ ശരിയായിരിക്കും, അല്ലെങ്കിൽ മറ്റൊരാൾ തെറ്റായിരിക്കും, അല്ലെങ്കിൽ രണ്ടു പേരും തെറ്റായിരിക്കാം, എന്നാൽ രണ്ടു പേരും ശരിയായിരിക്കയില്ല." ബൈബിൾപരമായി, ഈ സിദ്ധാന്തം ഉപദേശപരമായി ശരിയാണ്, എന്നാൽ അഭിപ്രായത്തിന്റെ കാര്യത്തിൽ അതു വാസ്തവമല്ല. വ്യക്തിപരമായ ഇഷ്ടമനുസരിച്ചു വിയോജിപ്പ് പ്രകടിപ്പിക്കാനുള്ള മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ നാം സമ്മതിച്ചാൽ അതു ബന്ധത്തെ വലുതാക്കും – മറ്റുള്ളവർ ശരിയായിരിക്കാം (നാം അങ്ങനെ വിചാരിക്കുന്നതു വിരളമായേക്കാം)![17]

(3) *ചിലപ്പോൾ, വളരെ പരിശ്രമിച്ചിട്ടും, ഒരു യോജിപ്പിലെത്തുന്നതിൽ പരാജയപ്പെട്ടാൽ, സഹോദരന്മാർ വെറുതെ "വിസമ്മതിക്കാൻ സമ്മതിക്കുക."* അങ്ങനെ ആകാതിരിക്കാനാണ് നമുക്ക് ഇഷ്ടം, എന്നാൽ അതങ്ങനെയാണ്. ഇതു സംഭവിക്കുമ്പോൾ, അതു ലോകത്തിൽ ഏറ്റവും വലിയ ദു:ഖ സംഭവമോ, സൗഹൃദ ബന്ധം അവസാനിക്കുകയോ – ഇല്ല അവർ രണ്ടു കൂട്ടരും അവരവർ പോലെ ആയാൽ.

(4) *സഹോദരന്മാർക്കു തമ്മിൽ യോജിക്കാൻ കഴിയില്ലെങ്കിലും, അവർ ക്രിസ്ത്യാനികളായിത്തന്നെ പ്രവർത്തിക്കണം.* ശക്തരായ മനസുള്ള സഹോദരന്മാരായാലും അവർ തമ്മിലുള്ള വ്യത്യാസങ്ങൾ ചർച്ച ചെയ്യുമ്പോൾ പൗലൊസ് എഫെസ്യർക്കു നല്കുന്ന പ്രബോധനം വായിക്കണം:

> കോപിച്ചാൽ, പാപം ചെയ്യാതിരിപ്പിൻ, സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുത് ... കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്നു ആവശ്യം പോലെ ആത്മിക വർദ്ധനക്കായി ... നല്ല വാക്കല്ലാതെ ആകാത്തതൊന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുത് ... എല്ലാ കൈപ്പും സകല ദുർഗ്ഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞു പോകട്ടെ. നിങ്ങൾ സ്നേഹവും ദയയും മനസലിവുള്ളവരായി അന്യോന്യം ക്ഷമിപ്പിൻ (എഫെസ്യർ 4:26, 29, 31, 32; NCV).

ആരോ പറഞ്ഞു, "അഹിതമാകാതെ നമുക്കു വിസമ്മതിക്കാൻ കഴിയും."

പൗലൊസിനും ബർന്നബാസിനും അവർക്കു പരസ്പരം യോജിക്കാൻ കഴിയാത്തപ്പോൾ എങ്ങനെ പെരുമാറാൻ കഴിഞ്ഞു? ഒന്നാമത്, അവർ ദൈവവേല ഉപേക്ഷിച്ചില്ല. പലപ്പോഴും, ഒരു സഹോദരനു മറ്റൊരു സഹോദരന് എതിരെ എന്തെങ്കിലും ഉണ്ടാകുമ്പോൾ ഉടനെ അത് കർത്താവിൽ ഇടും. രണ്ടാമത്, അവർക്കു രണ്ടുപേർക്കുള്ള സ്വാധീനത്തെ നശിപ്പിക്കാൻ ശ്രമിച്ചില്ല. ബർന്നബാസിന്റെ ഉറപ്പില്ലായ്മയെ ചെയ്യുന്നതായി പൗലൊസ് ഗലാത്യർക്കു കത്തെഴുതുകയോ, അല്ലെങ്കിൽ ബർന്ന

ബാസ്, പൗലൊസിന്റെ മനസലിവില്ലായ്മയെ സൂചിപ്പിച്ച് കുപ്രൊസ് ദ്വീപിലേക്കു ലേഖനമെഴുതുകയോ ചെയ്തില്ല. മൂന്നാമത് അവർക്ക് തമ്മിൽ വിദ്വേഷമുണ്ടായിരുന്നില്ല. അതുകൊണ്ട്, കാലം അവരുടെ മുറിവ് ഉണക്കിക്കാണും. പൗലൊസ് പിന്നീട് കൊരിന്ത്യർക്കു ലേഖനം എഴുതിയപ്പോൾ ബർന്നബാസിനെ പരാമർശിച്ചു (1 കൊരിന്ത്യർ 9:6). അതു സൂചിപ്പിക്കുന്നത് പൗലൊസിന് ബർന്നബാസിനോടു ഒരു വിഷമവുമുണ്ടായിരുന്നില്ല എന്നാണ്; അവർ വീണ്ടും ഒരുമിച്ചു പ്രവർത്തിക്കാൻ തുടങ്ങിയതു മറ്റൊരു സൂചനയാണ്.[18] നാം നമ്മുടെ സഹോദരങ്ങളോട് വിയോജിക്കുമ്പോൾ നമുക്ക് പൗലൊസിൽ നിന്നും ബർന്നബാസിൽ നിന്നും പഠിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ!

(5) *നാം ക്രിസ്ത്യാനികളായി പെരുമാറുന്നുവെങ്കിൽ, ദൈവം നമ്മുടെ തെറ്റുകൾ കണക്കിടാതിരിക്കയും വിയോജിപ്പിൽ നിന്നും നന്മ വരുത്തുകയും ചെയ്യും.* പൗലൊസിന്റെയും ബർന്നബാസിന്റെയും വിയോജിപ്പിന്റെ ഫലമായി ഒന്നല്ല രണ്ട് മിഷൻ സംഘമാണ് പുറപ്പെട്ടു പോയത്. രണ്ടു സുവിശേഷ സംഘം ഉണ്ടാകാൻ പരിശുദ്ധാത്മാവ് ഈ സംഭവത്തെ മുഴുവൻ പ്രചോദിപ്പിച്ചതാണെന്നു പറഞ്ഞാൽ അല്പം സാഹസികമാകും; എന്നാൽ ഈ അസുഖകരമായ അവസ്ഥയെ അസാധുവാക്കി നന്മക്കായി കാരണമാക്കി എന്നു പറഞ്ഞാൽ അതു അപാകതയാകില്ല (റോമർ 8:28). മിഷൻ മേഖലയിൽ, പലപ്പോഴും പൗലൊസ്/ബർന്നബാസ് വിയോജിപ്പ് പുനരാവർത്തിക്കപ്പെട്ടിട്ടുണ്ട്: രണ്ടു പേർക്ക് ഒരുമിച്ച് പ്രവർത്തിക്കാൻ കഴിയാതെ, വേർപിരിഞ്ഞു പ്രവർത്തിക്കാൻ തയ്യാറായിട്ടുണ്ട്. മിക്കവാറും സമയങ്ങളിൽ, വേർപിരിയൽ പൊരുത്തപ്പെട്ടതും അവസാനഫലം ഒരു ഇടവകക്കു പകരം രണ്ട് ഇടവക ഉണ്ടാകയും – ഇടവകകൾ അന്യോന്യം നല്ല കൂട്ടായ്മയിലാകുകയും ചെയ്യും.

വ്യത്യാസങ്ങൾ ഉണ്ടായിരുന്നിട്ടും പൗലൊസിനും ബർന്നബാസിനും തുടർന്നു കർത്താവിനെ സേവിക്കാൻ കഴിഞ്ഞതുമൂലം, ക്രിയാത്മകമായ ദീർഘ – കാല ഫലങ്ങൾ പുറപ്പെടുവിക്കാൻ സാധിച്ചു. രണ്ടുപേരും അവരുടെ പരിശ്രമങ്ങളിൽ അനുഗ്രഹിക്കപ്പെട്ടു. അടുത്ത ചില പാഠങ്ങളിൽ പൗലൊസിന്റെ രണ്ടാം മിഷണറി യാത്രയെപ്പറ്റി നാം പഠിക്കും പൗലൊസിനും തന്റെ കൂട്ടുവേലക്കാർക്കുമായി ആവേശകരവും ഫലപ്രദവുമായ കാര്യങ്ങൾ കാത്തിരിക്കുന്നു. അതേ സമയം, ബർന്നബാസ് യോഹന്നാനെ തിരഞ്ഞെടുത്ത് അവന്റെ ശക്തിയെ കർത്താവിന്റെ വേലയിൽ തിരിച്ചറിയുകയും അവിശ്വസനീയമായ വിജയമാകുകയും ചെയ്തു. ദൈവശ്വാസിയമല്ലാത്ത പാരമ്പര്യപ്രകാരം, മർക്കൊസ് മിസ്രയിമിലെ അലെക്സന്തരിൽ പോയി അവിടെ പ്രവർത്തനം സ്ഥാപിച്ചു. അതു ശരിയാണെങ്കിലും അല്ലെങ്കിലും, മർക്കൊസ് പിന്നീട് പത്രൊസിന്റെ കൂട്ടുവേലക്കാരനായി (1 പത്രൊസ് 5:13) അവൻ മർക്കൊസിന്റെ സുവിശേഷം എഴുതി, ക്രമേണ പൗലൊസുമായി അവൻ നിരപ്പിലായി. റോമിലെ തന്റെ തടവിൽ പൗലൊസിനു കൂടെ മർക്കൊസും ഉണ്ടായിരുന്നു. "ദൈവരാജ്യത്തിനു" കൂട്ടുവേലക്കാരനായിട്ടാണ് പൗലൊസ് അവനെ സൂചിപ്പിക്കുന്നത്, മർക്കൊസ് "ആശ്വാസമായും തീർന്നിരുന്നു" (കൊലൊസ്യർ 4:10, 11; ഫിലമോൻ 24 കൂടെ നോക്കുക). തന്റെ മരണത്തിനു തൊട്ടു

മുൻപ്, തന്റെ രണ്ടാമത്തെ തടവിൽ പൗലൊസ് തിമൊഥെയൊസിനോട് അപേക്ഷിക്കുന്നതു "ലൂക്കൊസ് മാത്രമേ എന്നോടു കൂടെ ഉള്ളു. മർക്കൊസ് എനിക്കു ശുശ്രൂഷക്കായി ഉപയോഗമുള്ളവൻ ആകയാൽ അവനെ കൂട്ടിക്കൊണ്ടു വരിക" (2 തിമൊഥെയൊസ് 4:11). ഒരിക്കൽ പൗലൊസ് വിചാരിച്ചതു മർക്കൊസ് ഉപയോഗമില്ലാത്തവൻ എന്നാണ്; അവസാനം അവൻ ഉപയോഗമുള്ളവൻ എന്നു കണ്ടു. (അപൂർണ്ണരെ ദൈവത്തിനു ഉപയോഗമുള്ളവരാക്കി മാറ്റാൻ പറ്റും എന്നതു അത്ഭുത കരമല്ലേ?)

**ഉപസംഹാരം**

വർഷങ്ങൾക്കു മുൻപ് രണ്ടു സഹോദരിമാർ തമ്മിൽ അഭിപ്രായ ഭിന്നതയുണ്ടായതായി ഞാൻ വായിക്കയുണ്ടായി (അതെന്തായിരുന്നു എന്ന് കൃത്യമായി ഓർക്കുന്നില്ല). ഒരേ വീട്ടിലാണ് അവർ കഴി ഞ്ഞിരുന്നെങ്കി ലും, അവർ അന്യോന്യം വർഷങ്ങളോളം സംസാരിച്ചി രുന്നില്ല. അവരുടെ വീട് ചോക്കു വരയിട്ട് രണ്ടായി ഭാഗിച്ചു – വാതിലു കളുടെ മദ്ധ്യത്തിലൂടെ, തീ കായുന്ന സ്ഥലത്തിലൂടെയുമാണ് തിരിച്ചത്. ഒരേ അടുക്കളയിൽ പാചകം ചെയ്തും, ഒരേ മേശയിൽ നിന്നു ഭക്ഷണം കഴിച്ചും, ഒരേ കിടപ്പുമുറിയിൽ കിടന്നും പോന്നു. രാത്രിയിൽ അവർ ഓരോരുത്തരും ശ്വസിക്കുന്നതു മാത്രം കേൾക്കാം, പക്ഷേ എല്ലാ ആശ യവിനിമയവും നഷ്ടപ്പെട്ടു.

"എത്ര ഖേദകരം," എന്നു നിങ്ങൾ പറഞ്ഞേക്കാം, പക്ഷേ ലോക ത്തിൽ എല്ലായിടത്തും, കുടുംബങ്ങൾ, സമൂഹങ്ങൾ, എന്തിനു സഭകൾ പോകും മദ്ധ്യത്തിൽ ചോക്കുവരകൾ സൃഷ്ടിച്ചിരിക്കയാണ്. ഇല്ല, ഞാൻ പറയുന്നത് കാണാവുന്ന ചോക്കുവരയല്ല, എന്നാൽ മനസിന്റെ വരക ളാണ്. ഞാൻ പറയുന്നതു കഴിഞ്ഞ അഭിപ്രായഭിന്നതമൂലം അവരോട് തങ്ങൾക്കു ഒരു കാര്യവുമില്ല എന്ന മനോഭാവം ഉള്ളവരെക്കുറിച്ചാണ്. നിങ്ങൾ അത്തരം സാഹചര്യത്തിൽ എപ്പോഴെങ്കിലും എത്തിയിട്ടുണ്ടെ ങ്കിൽ, ഞാൻ നിങ്ങളോട് അപേക്ഷിക്കട്ടെ: ആ ചോക്കു വരകൾ മായ്ക്കാൻ എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്യുക "കഴിയുമെങ്കിൽ എല്ലാവരോടും സമാധാനമായിരിക്കുക" (റോമർ 12:18; NCV).

കഴിവതും നമുക്ക് ഈ പാഠം വ്യക്തിപരമാക്കാം: നിങ്ങൾക്കു ആരോ ടെങ്കിലും ഭിന്നാഭിപ്രായം ഉണ്ടായിരിക്കാൻ സാദ്ധ്യതയില്ലേ? *നിങ്ങൾ* എങ്ങനെ അതിനെ കൈകാര്യം ചെയ്യുന്നു? ഞാൻ "എങ്ങനെ അവൻ (അല്ലെങ്കിൽ അവൾ) അതിനെ കൈകാര്യം *ചെയ്യുന്നു?*" എന്നതല്ല ഞാൻ ചോദിച്ചത് പിന്നെയോ, "നിങ്ങൾ എങ്ങനെ കൈകാര്യം ചെയ്യുന്നു?" എന്നാണ്. തെറ്റിദ്ധാരണ നീക്കം ചെയ്യുവാൻ നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും? നിങ്ങൾക്ക് ഏതെങ്കിലും സഹോദരനോട് വിയോജിപ്പ് ഉണ്ടാ കുന്ന നിമിഷം, ദയവായി അതിനെക്കുറിച്ച് പ്രാർത്ഥിപ്പാൻ സമയം കണ്ടെത്തുക. നിങ്ങളുടെ തെറ്റുകൾ ദൈവത്തോട് ഏറ്റു പറയുകയും, ആ പ്രശ്നം പരിഹരിക്കാൻ ബുദ്ധിയും താഴ്മയും തരുവാൻ അപേക്ഷിക്കുക. ആ സഹോദരനോടുള്ള മനോഭാവം നന്നാക്കി എടു ക്കാനും സഹായത്തിനായി പ്രാർത്ഥിക്കുക.[19]

## പ്രസംഗക്കുറിപ്പുകൾ

നിങ്ങൾക്കു വേണമെങ്കിൽ ഈ പാഠത്തിനു "ചോക്കുവരകൾ മായ്ക്കുക!" എന്ന് തലവാചകം കൊടുക്കാം. നിങ്ങളുടെ മുഖവുരയിൽ, വീടിന്റെ നടുവിൽ ചോക്കുകൊണ്ടു വരച്ച ആ സഹോദരിമാരുടെ സ്വഭാവ ത്തോടെ നിങ്ങൾക്കു തുടങ്ങാം. പാഠത്തെ രണ്ടായി ഭാഗിക്കാം: (1) "ചോക്കുകൊണ്ട് വരക്കൽ" (15:35–39) ഉം (2) "ചോക്കുവരകൾ മായ്ക്കൽ" (15:39–41). ഒന്നാമത്തെ തലക്കെട്ടിൽ, നിങ്ങൾക്ക് ഒന്ന് എന്നു പ്രസ്താവനയിൽ നിന്നും "കുറെ പര്യവസാനങ്ങൾ." രണ്ടാമത്തെ തല വാചകത്തിൽ, ആ ഭാഗത്തു പറഞ്ഞിരിക്കുന്ന ശേഷിച്ചവ എടുത്ത് ഉപയോഗിക്കാം.

കുറിപ്പുകൾ

[1]ലൂക്കൊസ് പ്രവൃത്തികൾ എഴുതിയപ്പോൾ ഒരുപക്ഷേ ബർന്നബാസ് ജീവിച്ചിരുന്നേക്കാം, പൗലോസ് തീർച്ചയായും ജീവനോടിരുന്നു. [2]ഗലാതൃലേഖനത്തിന്റെ നല്ലൊരു വ്യാഖ്യാനകൃതി നോക്കുക. [3]ശൈത്യകാലത്തായിരുന്നു പൗലൊസും ബർന്നബാസും പ്രവർത്തിച്ചിരുന്നത് എന്നു പറപ്പെടുന്നുണ്ട്, യാത്ര ബുദ്ധിമുട്ടായിരുന്നു പൗലൊസിന്റെ തീരുമാനം വസന്തകാലത്തായിരുന്നു, അപ്പോൾ യാത്ര സാദ്ധ്യവുമായിരുന്നു. പൗലൊസിന്റെ തീരുമാനത്തിൽ പരിശുദ്ധാത്മാവിന്റെ മുഖ്യ പങ്കുണ്ടായിരുന്നു എന്നതിൽ സംശയമില്ല. [4]ഇതു "ദൈവം ചെയ്തതു ഒക്കെയും" എന്നതിൽ നിന്നു ഉദ്ധരിച്ചതാണ്. [5]മൂലഭാഷയിൽ പ്രവൃത്തി തുടരുന്നതായി പറയുന്നതുകൊണ്ട്, NASB സൂചിപ്പിക്കുന്നതു ശരിയാണ്. [6]ഇത് റിക് ആച്ച്ലെയുടെ ഊഹത്തിൽ പറഞ്ഞതാണ്, 1986 മെയ് 4 ന് ടെക്സാസിലെ അബിലീനിൽ, സതേൺഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ പ്രസംഗിച്ച "വെൻ ബ്രദേഴ്സ് ഗെറ്റ് ഓഫ് ദി മാർക്ക്" എന്ന പ്രസംഗത്തിൽ നിന്ന്. [7]തീർച്ചയായും അവർ അദ്ധ്യായം - വാക്യം - ഒന്നും സൂചിപ്പിച്ചിരിക്കാനിടയില്ല, ആ കാലത്ത് വാകൃങ്ങളെത്തമ്മിൽ വേർതിരിക്കുന്ന സമ്പ്രദായം ഇല്ലായിരുന്നു. [8]ആ സമയത്ത് തിരുവെഴുത്തുകൾ (ദൈവശ്വാസിയ എഴുത്തുകൾ) പഴയ നിയമം അടങ്ങുന്നതാണ്. [9]പ്രവൃത്തികൾ 9:26, 27. [10]ജെ.ബി. ഫിലിപ്സ് ദി ന്യൂ ടെസ്റ്റമെന്റ്: ഒരു പുതിയ തർജ്ജിമ.

[11]ജെ.ബി. ഫിലിപ്സ് ദി ന്യൂ ടെസ്റ്റമെന്റ് ഇൻ മോഡേൺ ഇംഗ്ലീഷ്. [12]പൗലൊസിന്റെയും ബർന്നബാസിന്റെയും പ്രവർത്തനഫലമായി കുപ്രൊസിൽ അനേകർ പ്രതികരിച്ചും ഇടവകകൾ സ്ഥാപിച്ചു എങ്കിൽ, ലൂക്കൊസ് രേഖപ്പെടുത്തിയിട്ടില്ല അത് (ഈ പുസ്തകത്തിൽ മുൻപു പറഞ്ഞ 13:6 ലെ നോട്ടുകൾ നോക്കുക ഒരു പക്ഷേ ബർന്നബാസ് മടങ്ങി പിന്തുടർച്ചാ പ്രവർത്തനം നടത്തിയിരിക്കാം. [13]പ്രത്യേകിച്ച് ശക്തരായ - മനസുള്ള വ്യക്തികൾ ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ നിങ്ങൾക്കു വിയോജിപ്പ് ഉണ്ടാകും എന്നതു വാസ്തവമാണ് (ഞാൻ നിങ്ങളെ ഞെട്ടിക്കുന്നില്ല എന്നു കരുതുന്നു) ഉപദേഷ്ടാക്കന്മാർ ശക്തമായ മനസുള്ളവരായിരിക്കണം. ഉപദേഷ്ടാക്കന്മാർ ശക്തമായ - മനസ്സില്ലാത്തവരാണെങ്കിൽ അവർ അപമാനിക്കപ്പെടുമ്പോൾ ഞെരുങ്ങിപ്പോകുകയും വേല ഉപേക്ഷിക്കയും ചെയ്യും. [14]അടിസ്ഥാന ഉപദേശത്തിൽ നാം യോജിക്കണം (1 കൊരിന്ത്യർ 1:10) എന്നാൽ അഭിപ്രായങ്ങളിൽ നാം യോജിച്ചുകൊള്ളണമെന്നില്ല (റോമർ 14). [15]ജോലി എളുപ്പമായിരിക്കയില്ല (ഗലാതൃയിൽ ദുരുപദേഷ്ടാക്കളെ എറ്റുമുട്ടുമെന്നതും അതിനപ്പുറം ദൈവം അവരോട് ചെയ്യാൻ ആവശ്യപ്പെട്ടതും) പൗലൊസ് ഒരുപക്ഷേ

മർക്കൊസ് തിരിച്ചു വരുമെന്ന് വിചാരിച്ചു കാണും. [16]വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, *ദി ബൈബിൾ എക്സ്പൊസിഷൻ കമെന്ററി,* വാല്യം 1 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 466. [17]ധാരാളം വിവാഹബന്ധത്തെപ്പോലെ ആയിരുന്നു. [18]രണ്ടാം യാത്രയുടെ അവസാനം ബർന്നബാസ് പൗലൊസിനോടു ചേർന്നു കാണാം (പ്രവൃത്തികൾ 18), എന്നാൽ ഇതു അസംഭവ്യമാണെന്നു തോന്നാം. എങ്കിലും, അവർ കുറെ നാൾ കൊരിന്തിൽ പ്രവർത്തിച്ചു കാണാം അല്ലെങ്കിൽ; അടുത്ത്; അതുമല്ലെങ്കിൽ, ബർന്നബാസിനെക്കുറിച്ച് ശമ്പളം കൂടാതെ പ്രവർത്തിച്ചു എന്നതു കാര്യമല്ല എന്നു തോന്നിയേക്കാം. [19]ഈ പാഠം ഒരു ക്ളാസിനോ പ്രസംഗത്തിനോ ഉപയോഗിക്കുന്നുവെങ്കിൽ, നിശബ്ദമായ പ്രാർത്ഥനയ്ക്ക് ശേഷം ഉപദേഷ്ടാവോ മറ്റാരെങ്കിലുമോ പ്രാർത്ഥിക്കുക. എങ്ങനെയായാലും, ഈ ഭാഗത്ത് പറയുന്ന പ്രശ്നങ്ങളെ നാം കൈകാര്യം ചെയ്തില്ലെങ്കിൽ മറ്റുള്ളവരോട് നാം നിരപ്പ് പ്രാപിക്കാൻ പറയരുത്.